## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *151 — 11/06/2018-ൽ മറുപടിക്ക്

### നിപ വൈറസ് ബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | നിപ വൈറസ് ബാധ കേരളത്തിൽ ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത് എന്നാണെന്നും എവിടെയാണെന്നും ആർക്കാണ് രോഗബാധ ഉണ്ടായതെന്നും വ്യക്തമാക്കാമോ; | എ) | 20.05.2018 തീയതിയിലാണ് ആദ്യമായി നിപ വൈറസ് ബാധ റിപ്പോർട്ട് ചെയ്തത്. കോഴിക്കോട് ജില്ലയിലെ ചെങ്ങരോത്ത് എന്ന സ്ഥലത്ത് സാലിക്ക്, മൂസ, മറിയം എന്നീ മൂന്ന് വ്യക്തികളിലാണ് നിപ വൈറസ് ബാധ ആദ്യമായി സ്ഥിരീകരിച്ചത്. |
| ബി) | ഈ രോഗികളുടെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേക്ക് പരിശോധനയ്ക്കായി അയച്ചത് എന്നായിരുന്നു; പ്രസ്തുത രോഗം നിപ വൈറസ് ബാധയാണെന്ന് സ്ഥിരീകരിക്കപ്പെട്ടത് എന്നാണെന്ന് അറിയിക്കാമോ; | ബി) | 17/05/2018 തീയതിയിലാണ് സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേക്ക് പരിശോധനക്കായി അയച്ചത്. 20.05.2018-നാണ് നിപ വൈറസ് രോഗം സ്ഥിരീകരിച്ചത്. |
| സി) | രോഗികളുടെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേക്ക് അയയ്ക്കാൻ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ? | സി) | സാലിക്ക്, മൂസ, മറിയം എന്നിവർ 17.05.2018 തീയതി രാവിലെയും വൈകിട്ടുമായിട്ടാണ് ആശുപത്രിയിൽ അഡ്മിറ്റായത്. അന്നുതന്നെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേക്ക് പരിശോധനക്കായി അയച്ചിരുന്നു. ആയതിനാൽ സ്രവം അയയ്ക്കുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ